പതിമൂന്നാം കേരള നിയമസഭ
പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: **853** — **11.03.2015** ൽ മറുപടിക്ക്

**പുഴയുടെ തീരസംരക്ഷണ പദ്ധതി**

| ചോദ്യം<br>ശ്രീ. ഇ. പി. ജയരാജൻ | | മറുപടി<br>ശ്രീ.പി.ജെ.ജോസഫ്<br>(ജലവിഭവവകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | മട്ടന്നൂർ നിയോജകമണ്ഡലത്തിലെ വിവിധ സ്ഥലങ്ങളിൽ പുഴയുടെ തീരം കെട്ടി സംരക്ഷിക്കുന്നതിന് 2011-12 ൽ എത്ര പ്രവൃത്തികൾക്ക് ഭരണാനുമതി നൽകി; എത്ര തുക അനുവദിച്ചു; | (എ) | മട്ടന്നൂർ നിയോജകമണ്ഡലത്തിന്റെ വിവിധ സ്ഥലങ്ങളിൽ പുഴയുടെ തീരം കെട്ടി സംരക്ഷിക്കുന്നതിന് 2011-12 സാമ്പത്തിക വർഷത്തിൽ വെള്ളപ്പൊക്കക്കെടുതിയിൽ ഉൾപ്പെടുത്തി 23 ലക്ഷം രൂപയുടെ 2 പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. അതിൽ ഒരു പ്രവൃത്തി പൂർത്തീകരിച്ചു. ഒരു പ്രവൃത്തി പുരോഗമിച്ചു വരുന്നു. |
| (ബി) | 2012-13 ൽ എത്ര പ്രവർത്തികൾക്ക് ഭരണാനുമതി നൽകി; എത്ര തുക അനുവദിച്ചു; | (ബി) | 2012-13 സാമ്പത്തിക വർഷത്തിൽ വെള്ളപ്പൊക്ക നിയന്ത്രണത്തിൽ ഉൾപ്പെടുത്തി 15 ലക്ഷം രൂപയുടെ ഒരു പ്രവൃത്തിക്ക് ഭരണാനുമതി നൽകുകയും പ്രവൃത്തി പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. |
| (സി) | 2013-14 ൽ എത്ര പ്രവർത്തികൾക്ക് ഭരണാനുമതി നൽകി; എത്ര തുക അനുവദിച്ചു; | (സി) | 2013-14 ൽ വർഷത്തിൽ റിവർ മാനേജ്മെന്റ് ഫണ്ടിൽ ഉൾപ്പെടുത്തി 70.15 ലക്ഷം രൂപയുടെ 3 പ്രവൃത്തികൾക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ട്. അതിൽ രണ്ട് പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. ഒരു പ്രവൃത്തി പുരോഗമിച്ചുവരുന്നു. |
| (ഡി) | 2014-15 ൽ എത്ര പ്രവർത്തികൾക്ക് ഭരണാനുമതി നൽകി; എത്ര തുക അനുവദിച്ചു; | (ഡി) | 2014-15 വർഷത്തിൽ 40 ലക്ഷം രൂപയുടെ അനുമതി നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ